കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി9-1306/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
ഇമെയിൽ: ddhglfalpy@gmail.com
ഫോൺ: 0477 2252753

തീയതി: 08.12.2016

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്- 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/പി9-1306/16 തീയതി, 08.12.2016

# ആലപ്പുഴ ജില്ലയിലെ ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.04.2016 മുതൽ 31.10.2016വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | സി.വൈ.സലിം, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 03.11.2016മുതൽ<br>15.11.2016 വരെ | ശ്രീമതി.വി.മായ,ഓഡിറ്റ് ഓഫീസർ<br>ശ്രീ. രാജേഷ്.കെ.ജി, അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീ.രാജേഷ്.ടി, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1.പ്രസിഡന്റ്

| | | |
|---|---|---|
| 1. | ശ്രീമതി.ടി.കെ. ശശികല | 01.04.2015 മുതൽ 01.10.2015 വരെ |
| 2. | അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | 02.10.2015 മുതൽ 18.11.2015 വരെ |
| 3. | ശ്രീമതി. ഷിൽജ സലിം | 19.11.2015 മുതൽ 31.03.2016 വരെ |

2.സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ.പി.എം.ഷാജി | 01.04.2015 മുതൽ 31.03.2016 വരെ |

3.സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ.പി.സി.സിനിമോൻ | 01.04.2015 മുതൽ 01.10.2015 വരെ |
| | | ശ്രീമതി.പ്രസീത വിനോദ് | 19.11.2015 മുതൽ 31.03.2016 വരെ |
| 2 | വികസനകാര്യം | ശ്രീമതി.സബിത മധു | 01.04.2015 മുതൽ 01.10.2015 വരെ |
| | | ശ്രീ.ടോമി ഉലഹന്നാൻ | 19.11.2015 മുതൽ 31.03.2016 വരെ |
| 3 | ക്ഷേമകാര്യം | ശ്രീ.കെ.ആർ.ചക്രപാണി | 01.04.2015 മുതൽ 01.10.2015 വരെ |
| | | ശ്രീമതി.മഞ്ജു സുധീർ | 19.11.2015 മുതൽ 31.03.2016 വരെ |
| 4 | ആരോഗ്യകാര്യം വിദ്യാഭ്യാസകാര്യം | ശ്രീമതി.മല്ലിക സുരേഷ് | 01.04.2015 മുതൽ 01.10.2015 വരെ |
| | | ശ്രീ.പി.ജി.മോഹനൻ | 19.11.2015 മുതൽ 31.03.2016 വരെ |

4.മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.ഡി.ശിവദാസൻ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ.ജാസ്മിൻ | 01.04.2015മുതൽ14.04.2015വരെ<br>14.12.2015 മുതൽ 31.03.2016 വരെ |
| | ഡോ.ഷൈന എസ് പെരുവത്ത് | 14.04.2015മുതൽ 08.07.2015വരെ |
| | ഡോ.ധന്യ.എ.പി | 08.07.2015 മുതൽ 23.08.2015 വരെ |
| | ഡോ.ഷനീഷ്.വി.സുക | 23.08.2015 മുതൽ 14.12.2015 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.മനു മോഹൻ | 01.04.2015 മുതൽ 10.10.2015 വരെ |
| | ഡോ.ഷൈമ.എം | 11.10.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.ചന്ദ്രശോഭ<br>ഡോ.ടി.എം.റംലത്ത് ബീവി | 01.04.2015 മുതൽ 21.01.2016 വരെ<br>22.01.2016 മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| സീനിയർ വെറ്ററിനറി സർജൻ | ഡോ.നമിത നായക് | 01.04.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.റഹ്മത്ത് ബീവി.എം. | 01.04.2015 മുതൽ 14.06.2015വരെ |
| | ശ്രീമതി.മോളി | 15.06.2015 മുതൽ 31.01.2016 വരെ |
| | ശ്രീമതി.പ്രമീള.എം | 01.02.2016 മുതൽ 31.03.2016 വരെ |
| പ്രധാനാധ്യാപിക, എൽ.പി.എസ്. | ശ്രീമതി.ശാലിനി<br>ശ്രീമതി.എൻ.സി.മിനി | 01.04.2015 മുതൽ 21.05.2015 വരെ<br>22.05.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ജിനേഷ്.കെ.ബി<br>ശ്രീമതി.എലിസബത്ത്.സി.എക്സ് | 01.04.2015 മുതൽ 07.08.2015വരെ<br>07.08.2015 മുതൽ 31.03.2016 വരെ |
| വില്ലേജ് എക്സ് റ്റെൻഷൻ ഓഫീസർ, | ശ്രീമതി.അമിത.എം.കെ.<br>ശ്രീമതി.താരാദേവി.ആർ | 01.04.2015 മുതൽ 14.06.2015വരെ<br>15.06.2015 മുതൽ 31.03.2016 വരെ |
| വില്ലേജ് എക്സ് റ്റെൻഷൻ ഓഫീസർ, | ശ്രീ.എസ്.സൽമോൻ | 01.04.2015 മുതൽ 31.03.2016വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.രശ്മി മാനുവൽ | 01.04.2015 മുതൽ 31.03.2016 വരെ |
| അസി.സെക്രട്ടറി | ശ്രീ.സതീശൻ.കെ.വി. | 01.04.2015 മുതൽ 31.03.2016വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1 to 1-11 |

| | | |
|---|---|---|
| | ഭാഗം2 | |
| 2 | 2015-16 -ലെ വിവിധ പ്രോജക്ടുകൾക്കായുള്ള ടെണ്ടർ ഫോറങ്ങളുടെ വിൽപ്പന- കുറഞ്ഞ നിരക്കിൽ ഈടാക്കിയത് മൂലം വരുമാന നഷ്ടം | 2-1 |
| 3 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-2 |
| 4 | വസ്തുനികുതി പിരിവിലെ അപാകതകൾ | 2-3 |
| 5 | മൊബൈൽ ടവറുകളിൽ നിന്നും നികുതി ഈടാക്കുന്നില്ല. | 2-4 |
| 6 | ഡി & ഓ ലൈസൻസ് ഫീ ഈടാക്കിയതിലെ അപാകതകൾ | 2-5 |
| 7 | പരസ്യനികുതി ഈടാക്കിയിട്ടില്ല | 2-6 |
| 8 | തനത് ഫണ്ടിന് പലിശ ലഭിക്കുന്നില്ല | 2-7 |
| 9 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയിട്ടില്ല | 2-8 |
| | ഭാഗം -3 | |
| 10 | ആട് വളർത്തൽ (എസ്.സി.പി)- മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സബ്സിഡി അധികം നൽകി | 3-1 |
| 11 | തെരുവ് വിളക്കുകളുടെ വാങ്ങൽ, പരിപാലനം-അപാകതകൾ | 3-2 |
| 12 | മീഡിയാശ്രീ- വീഡിയോ ഡോക്യുമെന്ററി തയാറാക്കി പഞ്ചായത്തിന് നൽകിയില്ല | 3-3 |
| 13 | പൊടിപാടങ്ങളിൽ പയർവർഗ്ഗ കൃഷി (നം.S0041/16) – പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ | 3-4 |
| 14 | തെരുവ് വിളക്കുകൾ-സംയുക്തപരിശോധന നടത്തിയിട്ടില്ല | 3-5 |
| 15 | അഗതി-ആശ്രയ: ചെലവ് രേഖകളുടെ അഭാവത്തിൽ തുക | 3-6 |

| | | |
|---|---|---|
| | തടസ്സപ്പെടുത്തുന്നു | |
| 16 | "തുല്യതാ പഠന സഹായം" പ്രോജക്ട് – അപാകതകൾ | 3-7 |
| 17 | സംയുക്തപരിശോധന നടത്തിയിട്ടില്ല – വെള്ളക്കരമിനത്തിൽ അധികതുക അടയ്ക്കുന്നു. | 3-8 |
| 18 | ഐ.എ.വൈ. ഭവന പദ്ധതി – വിനിയോഗ വിവരം ലഭ്യമല്ല. | 3-9 |
| 19 | ഇ.എം.എസ്.ഭവന വായ്പാ തിരിച്ചടവിൽ കാലതാമസം | 3-10 |
| 20 | വീട് പുനരുദ്ധാരണം- മതിയായ രേഖകൾ ഉറപ്പുവരുത്താതെ സബ്സിഡി അനുവദിച്ചു. | 3-11 |
| 21 | പഞ്ചായത്ത് കെട്ടിടങ്ങളുടെ വൈദ്യുതി താരിഫ് | 3-12 |
| 22 | പകൽവീട് – പണി പൂർത്തീകരിച്ചെങ്കിലും പൊതു ജനങ്ങൾക്ക് പ്രയോജനപ്പെടുത്തിയിട്ടില്ല | 3-13 |
| 23 | ഔദ്യോഗിക യാത്രകൾ-ആവശ്യമായ രേഖകൾ ഹാജരാക്കിയില്ല | 3-14 |
| 24 | വിധവകളുടെ പെൺമക്കൾക്കളുടെ വിവാഹധനസഹായം-ചെലവ് രേഖകൾ ഹാജരാക്കിയില്ല | 3-15 |
| 25 | മത്സ്യഭവൻ, സി.ഡി.എസ്. ഓഫീസ് നിർമ്മാണം – നിർമ്മാണത്തിലെ അപാകതകൾ | 3-16 |
| 26 | രേഖകൾ ഹാജരാക്കിയില്ല – ചെലവ് തടസ്സപ്പെടുത്തുന്നു | 3-17 |
| 27 | കന്നുകുട്ടി പരിപാലനം – പ്രോജക്ട് പൂർത്തിയാക്കിയിട്ടില്ല | 3-18 |
| 28 | അംഗൻവാടികളുടെ ഭൗതിക സാഹചര്യം തൃപ്തികരമല്ല | 3-19 |
| | ഭാഗം 4 | |

| | | |
|---|---|---|
| 29 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 to 4-10 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 24.03.2015തീയതിയിലെ 1-ാംതീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 110132800 | 117228800 |

1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 15.07.2016 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 26293426 |
| വരവ് | 41544064 |
| ആകെ | 67837490 |
| ചെലവ് | 60963831 |
| നീക്കിയിരിപ്പ് | 6873659 |

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 5077283 | 19089936 | 24167219 | 15512227 | 8654992 | 64.19 |
| വികസനഫണ്ട് എസ്.സി.പി. | 2735723 | 5112000 | 7847723 | 5280592 | 2567131 | 67.29 |
| വികസനഫണ്ട് ടി.എസ്.പി. | 136400 | 192000 | 328400 | 157000 | 171400 | 47.81 |
| സംരക്ഷണഗ്രാന്റ് റോഡ് | 912696 | 2609000 | 3521696 | 3489579 | 32117 | 99.09 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1895577 | 3625000 | 5520577 | 4130976 | 1389601 | 74.83 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2403457 | 5361788 | 7765245 | 7312833 | 452412 | 94.17 |
| പെർഫോമൻസ് ഗ്രാന്റ് | 3732255 | 0 | 3732255 | 3729467 | 2788 | 99.93 |

| | | | | | | |
|---|---|---|---|---|---|---|
| എം.എൻ.ആർ. ഇ. ജി.എസ്. | 0 | 13948344 | 13948344 | 13946100 | 2244 | 99.98 |
| ബി ഫണ്ട് | 0 | 29850770 | 29850770 | 29850770 | 0 | 100 |

1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 189 | 64997632 | 135 | 45440753 | 35 | 19 | 71.43 |

1-7 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 32.2 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്. നികുതി പിരിവ് ഊർജ്ജിതപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

| ഇനം | മുൻവർഷം (2014-15) | തൻവർഷം (2015-16) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4294361 | 2942640 | (-)1351721 | (-)31.47 |
| നികുതിയേതര വരവുകൾ | 812617 | 968757 | (+)156140 | (+)19.21 |
| മറ്റ് വരവുകൾ | 733546 | 48363 | (-)685183 | (-)93.4 |
| ആകെ | 5840524 | 3959760 | (-)1880764 | (-)32.2 |

1-8 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1455600 | 755 |
| കർഷകതൊഴിലാളി പെൻഷൻ | 5763960 | 287 |
| വിധവാപെൻഷൻ | 6991200 | 747 |
| വാർദ്ധക്യകാലപെൻഷൻ | 10119540 | 2467 |
| വികലാംഗപെൻഷൻ | 4628270 | 393 |
| അവിവാഹിതപെൻഷൻ | 615200 | 58 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 270000 | 9 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.11.2016ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 6865രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.7.2009 ലെ ജി.ഒ(എം.എസ്)23/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നുണ്ട്. കെട്ടിട നികുതി ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയാണ് ഇത് സൂചിപ്പിക്കുന്നത്. ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.10.2016 | സെപ്റ്റംബർ 2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.01.2016മുതൽ 19.10.2016 വരെ | 01.04.2011മുതൽ 31.03.2016 വരെ | ലഭിച്ചിട്ടില്ല |

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 2015-16 -ലെ വിവിധ പ്രോജക്ടുകൾക്കായുള്ള ടെണ്ടർ ഫോറങ്ങളുടെ വിൽപ്പന-കുറഞ്ഞ നിരക്കിൽ ഈടാക്കിയത് മൂലം വരുമാന നഷ്ടം

ജി.ഒ.(പി.) 03/15/ധനം തീ:05.01.15 സർക്കാർ ഉത്തരവ് പ്രകാരം പ്രവൃത്തികളുടെ മൂല്യത്തിനനുസൃതമായി ടെണ്ടർ ഫോറം വില /ടെണ്ടർ ഫീ താഴെ പറയും പ്രകാരം ഉത്തരവ് തീയതി മുതൽ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

| പ്രവൃത്തി മൂല്യം | ടെണ്ടർ ഫോം വില/ടെണ്ടർ ഫീ |
|---|---|
| 50,000/- രൂപ വരെ | 300/- രൂപ |
| 50,000/- രൂപയ്ക്ക് മുകളിൽ - 10,00,000/-രൂപയ്ക്ക് താഴെ | പ്രവൃത്തി മൂല്യത്തിന്റെ 0.2% ( മിനിമം - 500/- രൂപ; മാക്സിമം - 2000) |
| 10,00,000/- രൂപയ്ക്ക് മുകളിൽ - 2 കോടി രൂപയ്ക്ക് താഴെ | 5,000/- രൂപ |
| 2 കോടി രൂപയ്ക്ക മുകളിൽ - 5 കോടി രൂപയ്ക്ക് താഴെ | 7,500/- രൂപ |
| 5 കോടി രൂപയ്ക്ക് മുകളിൽ- 10 കോടി രൂപയ്ക്ക് താഴെ | 10,000/- രൂപ |
| 10 കോടി രൂപയ്ക്ക് മുകളിൽ | 15,000/- രൂപ |

എന്നാൽ ഗ്രാമപഞ്ചായത്ത് 2015-16 ൽ വിവിധ പ്രോജക്ടുകൾ മുഖേന ഏറ്റെടുത്ത് നടപ്പാക്കിയ പ്രവൃത്തികളുടെ ടെണ്ടർ ഫോറങ്ങൾ വിൽപന നടത്തിയതിൽ സർക്കാർ നിർദ്ദേശ പ്രകാരമുള്ള തുക ഈടാക്കാത്തതു മൂലം പഞ്ചായത്ത് ഫണ്ടിന് 23152/-രൂപയുടേയും വാറ്റ് ഇനത്തിൽ 1161/-രൂപയുടേയും വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്. നഷ്ടസംഖ്യ

ബന്ധപ്പെട്ടവരിൽ/ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് /പ്രവൃത്തി | പി.എ.സി. (ടെണ്ടർ നോട്ടീസുകൾ പ്രകാരമുള്ളത്) | വ്യക്തിയുടെ/ സ്ഥാപനത്തിന്റെ പേര് | പിരിച്ചെടുത്ത തുക | | രസീത് നം./ തീയതി | യഥാർത്ഥത്തിൽ പിരിക്കേണ്ടിയിരുന്ന തുക | | കുറവ് തുക | |
|---|---|---|---|---|---|---|---|---|---|---|
| | | | | ടെണ്ടർ ഫോം | വാറ്റ് | | ടെണ്ടർ ഫോം | വാറ്റ് | ടെണ്ടർ ഫോം | വാറ്റ് |
| 1 | മൃഗാശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ (13/16) | 1,00,000/- | 1)ഷിഫ ഫാർമ | 300 | 15 | 45/11503101012 /12.08.15 | 500 | 25 | 200 | 10 |
| | | | 2)ജെ.കെ. അസോസിയേറ്റ്സ് | 300 | 15 | 48/11503101048 /17.08.15 | 500 | 25 | 200 | 10 |
| | | | 3)നെക്ടർ ലാബ് അസോസിയേറ്റ്സ് | 300 | 15 | 47/1153101036/ 17.08.2015 | 500 | 25 | 200 | 10 |
| 2. | പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ(32/16) | 4,40,000/- | 1)അൽ മന ട്രേഡിംഗ് കമ്പനി | 750 | 37 | 57/11503101082/ 18.08.2015 | 880 | 44 | 130 | 7 |
| | | | 2)കണ്ടത്തിൽ ചിറ ട്രേഡ് ലിങ്ക്സ് | 750 | 37 | 03/11503101059/ 18.08.2015 | 880 | 44 | 130 | 7 |
| 3. | ആട് വിതരണം(15/16) | 7,50,000/- | 1) മനോജ് എം. | 750 | 37 | 12/11503101214/ 04.09.2015 | 1500 | 75 | 750 | 38 |
| | | | 2) പി.ജി. ബാബു | 750 | 37 | 65/11503101184/ 31.08.2015 | 1500 | 75 | 750 | 38 |
| | | | 3)എം.ജി. ഗോപി | 750 | 37 | 66/11503101208/ 04.09.2015 | 1500 | 75 | 750 | 38 |
| 4. | വേപ്പിൻ പിണ്ണാക്ക് ( വിവിധ പ്രോജക്ടുകൾ) | 5,82,000/- | 1)രമേശ്കുമാർ | 750 | 37 | 5/11503101076/ 18.08.2015 | 1164 | 58 | 414 | 21 |
| | | | 2)റെയ്ഡ്കോ | 750 | 37 | 64/11503101093/ 18.08.2015 | 1164 | 58 | 414 | 21 |
| | | | 3)ഫാം നീഡ് അഗ്രോ ബയോടെക്ക് | 750 | 37 | 46/11503101022/ 13.08.2015 | 1164 | 58 | 414 | 21 |
| 5. | നെൽകൃഷി വികസസനം (കുമ്മായം) | 72,000/- | 1)രമേശ്കുമാർ | 300 | 15 | 4/11503101074/ 18.08.2015 | 500 | 25 | 200 | 10 |
| | | | 2)റെയ്ഡ്കോ | 300 | 15 | 63/11503101092/ 18.08.2015 | 500 | 25 | 200 | 10 |
| | | | 3)മനോജ് എം. | 300 | 15 | 06/11503101079/ 18.08.2015 | 500 | 25 | 200 | 10 |
| | | | 4)ഫാം നീഡ് അഗ്രോ ബയോടെക്ക് | 300 | 15 | 50/11503101056/ 18.08.2015 | 500 | 25 | 200 | 10 |
| 6. | വിവിധ റോഡ് നിർമ്മാണത്തിനാവശ്യമായ | 15,70,350/- | 1)ജ്യോതിഷ് പി.കെ. | 750 | 37 | 10/11503101212/ 04.09.2015 | 5000 | 250 | 4250 | 213 |

| ക്രമ നം | പ്രോജക്റ്റ് /പ്രവൃത്തി | പി.എ.സി. (ടെണ്ടർ നോട്ടീസുകൾ പ്രകാരമുള്ളത്) | വ്യക്തിയുടെ/ സ്ഥാപനത്തിന്റെ പേര് | പിരിച്ചെടുത്ത തുക | | രസീത് നം./ തീയതി | യഥാർത്ഥത്തിൽ പിരിക്കേണ്ടിയിരുന്ന തുക | | കുറവ് തുക | |
|---|---|---|---|---|---|---|---|---|---|---|
| | | | | ടെണ്ടർ ഫോം | വാറ്റ് | | ടെണ്ടർ ഫോം | വാറ്റ് | ടെണ്ടർ ഫോം | വാറ്റ് |
| | ഗ്രാവൽ( 195/16) | | 2)ദിനേഷ് കുമാർ എസ്. | 750 | 37 | 14/11503101217/ 04.09.2015 | 5000 | 250 | 4250 | 213 |
| 7. | വിവിധ റോഡ് നിർമ്മാണത്തിനാ വശ്യമായ ആർ.സി.സി. പൈപ്പ്,കോളർ ( 195/16) | 52,434/- | 1)ജ്യോതിഷ് പി.കെ. | 300 | 15 | 10/11503101213/ 04.09.2015 | 500 | 25 | 200 | 10 |
| | | | 2)ദിനേഷ് കുമാർ എസ്. | 300 | 15 | 15/11503101218/ 04.09.2015 | 500 | 25 | 200 | 10 |
| | | | 3)റെയ്ഡ്കോ | 300 | 15 | 16/11503101219/ 04.09.2015 | 500 | 25 | 200 | 10 |
| 8. | പെൺകുട്ടികൾക്ക് ആയോധനകല (170/16) | 1,00,000/- | 1)തേയ്ക്വൻഡോ ഷോപ്പ് | 300 | 15 | 20/11503101430/ 30.09.15 | 500 | 25 | 200 | 10 |
| | | | 2)സ്പാം മാർഷ്യൽ ആർട്സ് | 300 | 15 | 21/11503101431/ 30.09.15 | 500 | 25 | 200 | 10 |
| 9 | കാർഷിക കർമ്മസേനയ്ക്കുള്ള ഉപകരണങ്ങൾ (38/16) | 11,10,909/- | 1)രാജശേഖരൻ, പൊന്നാരത്ത് | 750 | 38 | 22/11503101438/ 30.09.2015 | 5000 | 250 | 4250 | 212 |
| | | | 2)റെയ്ഡ്കോ | 750 | 38 | 23/11503101445/ 30.09.15 | 5000 | 250 | 4250 | 212 |
| | | | | | | ആകെ തുക | | | 23152 | 1161 |

ടി വിഷയത്തിൽ വിശദീകരണം ആരാഞ്ഞു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു(04/08.11.16) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള 2010-ലെ പ്രോക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥ പ്രകാരമാണ് ടെണ്ടർ ഫോമുകളുടെ വിൽപ്പന നടത്തിയിട്ടുള്ളതെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ടെണ്ടർ ഫോറം വില ഈടാക്കണമെന്ന് 2012-ൽ പുതുക്കിയ കേരള പൊതു മരാമത്ത് വകുപ്പ് മാന്വലിലെ സെക്ഷൻ 2007-ൽ നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ ടി മറുപടി അംഗീകരിക്കാവുന്നതല്ല.

## 2-2 <u>തൊഴിൽ നികുതി ഈടാക്കുന്നില്ല</u>

1). താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് 2015-16 കാലയളവിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ആലപ്പുഴ ജില്ല സഹകരണബാങ്ക്, പള്ളിപ്പുറം ശാഖ |
| 2 | പഞ്ചാബ് നാഷണൽ ബാങ്ക്, പള്ളിപ്പുറം ശാഖ |
| 3 | കെ ആർ പുരം ക്ഷീരോത്പാദകസംഘം 202 |
| 4 | ദീപ്തി ഫുഡ്സ് |
| 5 | ആൽഫിക്സ് കൺസൾട്ടിംഗ്സ് |
| 6 | IHRDഎഞ്ചിനിയറിംഗ് കോളേജ് |

| | |
|---|---|
| 7 | ഇന്റെർലി പാറ്റേൺ |
| 8 | സോൾഫിൻ മാർക്കറ്റിംഗ് |
| 9 | സെൻറ് മേരി ലൗക്ക |
| 10 | വെബ് ന വെബ് |
| 11 | അംബ ഫ്യൂവൽസ് |
| 12 | സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് 1250 (2ശാഖകൾ) |
| 13 | സെൻറ് തോമസ് ഹോസ്പ്പിറ്റൽ |
| 14 | ശോഭ ഐ.റ്റി.സി |
| 15 | മാവേലി സ്റ്റോർ |
| 16 | ടെക്നീഷ്യ |
| 17 | പാത്ത് സൊല്യൂഷൻസ് |
| 18 | ആലപ്പി ഫൈബർ ടഫ് |
| 19 | HDFC ബാങ്ക് |
| 20 | ഡാറ്റ ഇന്നവേഷൻ |
| 21 | വെളിയിൽ ഫ്യൂവൽസ് |
| 22 | ഇഡാറ്റലിറ്റ്ക്സ് പ്രൈവറ്റ് ലിമിറ്റഡ് |
| 23 | കാർമ്മൽ സ്കൂൾ |
| 24 | പാർവ്വ ടെക്നോളജി |
| 25 | ഓബ്റോൺ ടെക്നോളജി |
| 26 | എൻഡ്രിഫ്റ്റ് ടെക്നോളജി |
| 27 | വെർച്ച്യുവൽസ് ടെക്നോളജി |
| 28 | വോയേജർ ഐ.ടി.സൊല്യൂഷൻസ് |
| 29 | 7 ന്യൂഡ് ടെക്നോളജി |
| 30 | ക്വാവ സോഫ്റ്റ് സിസ്റ്റം |
| 31 | ഗ്രാവിറ്റി ടെക് |
| 32 | സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് 1308 (2 ശാഖകൾ) |
| 33 | പ്രോമാറ്റ്സ് ടെക്നോളജി |
| 34 | കോസ്മോ ട്രാവൽസ് |
| 35 | എവർഷൈൻ പെട്രോളിയം |
| 36 | ഐശ്വര്യ ഫൈനാൻസിയേഴ്സ് |
| 37 | ഗ്രെയ്സ് സിസ്റ്റം ടെക്നോളജിസ് |
| 38 | ഡ്രീം ലാൻറ് ലോഡ്ജ് |
| 39 | സൺ സ്റ്റാക്ക്സ് റെസ്റ്റോറൻറ് |

ആയതിന്റെ കാരണം അന്വേഷിച്ച് 09.11.2016-ൽ നൽകിയ 60ം നമ്പർ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ആയത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ, താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽനികുതി അടച്ചിട്ടില്ല എന്നു കാണുന്നു.

ശ്രീ ഭദ്രാ ഇംഗ്ളീഷ് മീഡിയം സ്കൂളിലെ ജീവനക്കാർ, തിരുനല്ലൂരിലെ നീതി സ്റ്റോർ ജീവനക്കാർ, ഇൻഫോപാർക്കിലെ പിക്സോടി ടെക്നോളജീസ്, ഐ ഡാറ്റ ലിറ്റിക്സ്, സിനിയർ ഇൻഫോടെക്, പ്രോടാക്ട്, സെൻഷിൻ എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാർ മുതലായവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

IHRD യുടെ എഞ്ചിനിയറിംഗ് കോളേജിൽ നിന്ന് ആദ്യപകുതിയിൽ 49പേർ തൊഴിൽനികുതിയിനത്തിൽ 58500/-രൂപ ഒടുക്കിയിട്ടുള്ളപ്പോൾ രണ്ടാം പകുതിയിൽ 39പേരുടെ 48000/-രൂപ മാത്രമാണ് തുക അടച്ചിട്ടുള്ളത്. അതുപോലെ ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂളിൽ നിന്ന് രണ്ടാം പകുതിയിൽ 13 പേർ തൊഴിൽനികുതിയിനത്തിൽ 7550/-രൂപ ഒടുക്കിയിരുന്നെങ്കിൽ ആദ്യപകുതിയിൽ 3പേരുടെ 3250/-(1250+1250+750) മാത്രമാണ് തൊഴിൽനികുതി അടച്ചിട്ടുള്ളത്.

കൂടാതെ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ ആദ്യപകുതിയിൽ തൊഴിൽനികുതി ഒടുക്കിയില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | രണ്ടാം അർദ്ധവർഷത്തിൽ ഒടുക്കിയ തുക |
|---|---|---|
| 1 | അമല സ്കൂൾ പള്ളിപ്പുറം | 1800/- |
| 2 | എവർഷൈൻ പെട്രോളിയം | 8980/- |
| 3 | ഐശ്വര്യ ഇൻവെസ്റ്റമെന്റ് | 180/- |
| 4 | ഗ്രേയ്സ് സിസ്റ്റം ടെക്നോളജീസ് | 7800/- |
| 5 | കോസ്മോ ട്രാവൽസ് | 5700/- |
| 6 | പ്രമോട്ടാസ് ടെക്നോളജീസ് | 10900/- |
| 7 | സർവീസ് സഹകരണ ബാങ്ക് 1308 | 3350/- |
| 8 | ക്വാവ സോഫ്റ്റ് സിസ്റ്റം | 5500/- |
| 9 | ഗ്രാവിറ്റി ടെക് | 2750/- |
| | ആകെ | 46,960/- |

താഴെകാണുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ രണ്ടാംപകുതിയിൽ തൊഴിൽനികുതി ഒടുക്കിയില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ഒന്നാം അർദ്ധവർഷത്തിൽ ഒടുക്കിയ തുക |
|---|---|---|
| 1 | '7' ന്യൂഡ് ടെക്നോളജീസ് | 6750/- |
| 2 | വെർച്ച്വൽസ് ടെക്നോളജീസ് | 6200/- |
| 3 | ഓബ്റോൺ ടെക്നോളജീസ് | 2500/- |
| 4 | പാത്ത് റസലൂഷ്യൻസ് | 41380/- |
| 5 | ടെക്നേഷ് | 26400/- |
| | ആകെ | 83,230/- |

കൂടാതെ വ്യവസായിക വികസനകേന്ദ്രത്തിലെ പല സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കുവാനുള്ളതായി കാണുന്നു. ഈ വിഷയം സംബന്ധിച്ച് നൽകിയ 60ം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. യഥാസമയം ഡിമാൻറ് നോട്ടീസ് നൽകാതിരുന്നതുമൂലമാണ് തൊഴിൽ നികുതിയിനത്തിൽ ഇത്രയും തുക നഷ്ടപ്പെട്ടിട്ടുള്ളത്. ഇക്കാര്യം പരിശോധിച്ച് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്. തൊഴിൽ നികുതിയിനത്തിലുള്ള നഷ്ടം ഈടാക്കാത്ത പക്ഷം ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

## 2-3 വസ്തുനികുതി പിരിവിലെ അപാകതകൾ

1). പഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തിലെ വസ്തുനികുതിയിനത്തിലുള്ള ഡിമാൻറ്, കുടിശ്ശികയുൾപ്പെടെ 40,50,421/-രൂപയാണ്. എന്നാൽ ഈ കാലയളവിലെ പിരിവ്, കുടിശ്ശികയടക്കം 14,32,519/-രൂപയാണ്. അതായത് മൊത്തം ഡിമാൻറിന്റെ 35% മാത്രമാണ് വരവ് വന്നിട്ടുള്ളത്. നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്.

2). അസ്സസ്മെന്റ് രജിസ്റ്ററും, കുടിശ്ശിക ഡിമാൻറ് രജിസ്റ്ററും കാലങ്ങളായി സൂക്ഷിക്കുന്നില്ല. രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

3). വാർഡ് ഏഴിൽ സേഫ് പാനൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് IGS, പള്ളിപ്പുറം എന്ന സ്ഥാപനത്തിന്റെ 2589.2 $M^2$ വിസ്തൃതിയുള്ള വ്യാവസായികാവശ്യത്തിനുള്ള ഷീറ്റ് മേഞ്ഞ കെട്ടിടം ചതുരശ്ര മീറ്ററിന് 50 രൂപ നിരക്കിൽ അസ്സസ് ചെയ്തു. എന്നാൽ ആറാം വാർഡിൽ സുനിത തമ്പിയുടെ മരിയ പ്ളാസ്റ്റിക്ക് & അലുമിനിയം ഇൻഡസ്ട്രീസിന്റെ 671$M^2$ വിസ്തൃതിയുള്ള വ്യാവസായികാവശ്യത്തിനുള്ള ഷീറ്റ് മേഞ്ഞ കെട്ടിടം ചതുരശ്ര മീറ്ററിന് 15 രൂപ നിരക്കിലും, 16ാം വാർഡിൽ മാക്സ് ഷീൽഡ് റബർ പ്രോഡക്റ്റ്സിന്റെ 1389$M^2$ വിസ്തൃതിയുള്ള വ്യാവസായികാവശ്യത്തിനുള്ള ഷീറ്റ് മേഞ്ഞ കെട്ടിടം ചതുരശ്ര മീറ്ററിന് 15 രൂപ നിരക്കിലും, 16ാം വാർഡിലെ ക്രിസന്റ് ഫ്ളക്സി പാക്ക്, പ്ളോട്ട് 29, KSIDC, പള്ളിപ്പുറം എന്ന സ്ഥാപനത്തിന്റെ 10$M^2$ വിസ്തൃതിയുള്ള വ്യാവസായികാവശ്യത്തിനുള്ള ഷീറ്റ് മേഞ്ഞ കെട്ടിടം ചതുരശ്ര മീറ്ററിന് 50 രൂപ നിരക്കിലുമാണ് അസ്സസ് ചെയ്തിട്ടുള്ളത്. ഇങ്ങനെ ഒരേ ഏരിയയിൽ ഒരേ ആവശ്യത്തിന് വ്യത്യസ്ത നിരക്കിൽ കെട്ടിടനികുതി അസ്സസ് ചെയ്തതിന്റെ കാരണം വിശദമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ, സുനിത തമ്പിയുടെ മരിയ പ്ളാസ്റ്റിക്ക് &അലുമിനിയം ഇൻഡസ്ട്രീസ്, മാക്സ് ഷീൽഡ് റബർ പ്രോഡക്റ്റ്സ് എന്നിവയുടെ വ്യാവസായികാവശ്യത്തിനുള്ള ഷീറ്റ് മേഞ്ഞ കെട്ടിടം ചതുരശ്ര മീറ്ററിന് 15 രൂപ നിരക്കിൽ അസസ് ചെയ്യുവാനുണ്ടായ കാരണം ഈ സ്ഥാപനങ്ങൾ ചെറുകിട വ്യവസായ യൂണിറ്റുകളാണെന്നാണ് വിശദീകരിച്ചത്. എന്നാൽ ഇത്തരം സ്ഥാപനങ്ങൾക്ക് ജില്ല വ്യവസായകേന്ദ്രം മാനേജർ നൽകിയിട്ടുള്ള സാക്ഷ്യപത്രപ്രകാരം രണ്ട് വർഷത്തേക്കാണ് ഈ ഇളവ് ബാധകം. ആയതിനാൽ എസ്.എസ്.ഐ യൂണിറ്റുകളുടെ കെട്ടിടനികുതി രണ്ട് വർഷങ്ങൾക്ക് ശേഷം പുനർ നിർണ്ണയിച്ച് 50 രൂപ നിരക്കിൽ ഈടാക്കേണ്ടതാണ്.

## 2-4 മൊബൈൽ ടവറുകളിൽ നിന്നും നികുതി ഈടാക്കുന്നില്ല.

പഞ്ചായത്ത് പരിധിയിൽ താഴെ പറയുന്ന മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും വസ്തുനികുതി ലഭിച്ചതായി കാണുന്നില്ല.

| ക്രമ നം | മൊബൈൽ കമ്പനികളുടെ പേര് | കെട്ടിട നം |
|---|---|---|
| 1 | റിലയൻസ് ഇൻഫ്രടെൽ ലിമിറ്റഡ് | 6/248 |
| 2 | ഭാരതി എയർടെൽ ലിമിറ്റഡ് | 6/479 |
| 3 | ഭാരതി എയർടെൽ ലിമിറ്റഡ് | 7/324 |
| 4 | ഇൻഡസ് ടവേഴ്സ് | 13/246 |
| 5 | വയർലെസ്സ് റ്റി.റ്റി. ഇൻഫോസർവീസ് | 14/113 |
| 6 | ഭാരതി എയർടെൽ ലിമിറ്റഡ് | 15/262 |
| 7 | റിലയൻസ് ഇൻഫ്രടെൽ ലിമിറ്റഡ് | 15/360 |

ഇവ കൂടാതെ BSNLൻെറ രണ്ട് ടവറുകൾ കൂടി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ നിന്ന് വസ്തു

നികുതി ഈടാക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും അനധികൃതമായി പ്രവർത്തിക്കുന്ന മൊബൈൽ ടവറുകൾ പഞ്ചായത്ത് പരിധിയിലുണ്ടോയെന്നും അന്വേഷിച്ച് നൽകിയ 7ാംനമ്പർ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ മേൽ പറഞ്ഞ എല്ലാ മൊബൈൽ ടവറുകൾക്കും 31/5/2016ൽ RR നോട്ടീസ് നൽകിയിട്ടുണ്ടെന്നും എന്നാൽ 13/246ാം നമ്പർ കെട്ടിടത്തിൻെറ നികുതി മാത്രമേ അടച്ചിട്ടുള്ളൂയെന്നും ബാക്കിയുള്ളവയിൽ നിന്ന് നികുതി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും കൂടാതെ BSNL ടവറുകളും അസ്സസ് ചെയ്ത് നികുതി ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ പറഞ്ഞ BSNL ഉൾപ്പെടെയുള്ള എല്ലാ ടവറുകളിൽ നിന്നും നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 ഡി & ഓ ലൈസൻസ് ഫീ ഈടാക്കിയതിലെ അപാകതകൾ

ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല. വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് എഴുതിത്തുടങ്ങിയെങ്കിലും വളരെ കുറച്ച് സ്ഥാപനങ്ങൾ മാത്രമേ ചേർത്തിട്ടുള്ളൂ. ഏകദേശം അറുനൂറിൽപ്പരം ചെറുതും വലുതുമായ സ്ഥാപനങ്ങൾ ഉള്ള പഞ്ചായത്തിൽ 160 സ്ഥാപനങ്ങൾ മാത്രമാണ് 2015-16 കാലയളവിൽ ഡി & ഒ ലൈസൻസ് എടുത്തിട്ടുള്ളത്. സൺ സ്നാക്ക്സ് റെസ്റ്റോറൻറ്, മീനാക്ഷി കളക്ഷൻസ്, രുചി സ്വീറ്റ്സ്, ഋഷി സിമൻ്റ്സ്, ദേവി സിമൻ്റ് വർക്ക്സ്, ശ്രീകൃഷ്ണ മെഡിക്കൽസ്, സെൻറ് തോമസ് ഹോസ്പിറ്റൽ(പാരാമെഡിക്കൽ സർട്ടിഫിക്കറ്റ് ഇല്ല), കള്ളുഷാപ്പുകൾ, വാഹനപുക പരിശോധന കേന്ദ്രങ്ങൾ തുടങ്ങിയവയൊന്നും 2015-16 കാലയളവിൽ ഡി & ഒ ലൈസൻസ് എടുത്തിട്ടില്ല. M/s.എവർഷൈൻ പെട്രോളിയം (LPG ബോട്ടിലിംഗ് പ്ളാൻറ്) എന്ന സ്ഥാപനത്തിന്റെ അപേക്ഷ പ്രകാരം 100എച്ച് പിയാണ് സ്ഥാപനത്തിലെ യന്ത്രത്തിന്റെ കുതിരശക്തി. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 18, പട്ടിക III എന്നിവ പ്രകാരം 100 എച്ച്.പി കുതിരശക്തിയുള്ള യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് 1000/-രൂപയാണ് ലൈസൻസ് ഫീ ഈടാക്കേണ്ടത്. എന്നാൽ 25/09/15 ലെ 1423ാം നമ്പർ രസീത് പ്രകാരം മേൽ സ്ഥാപനത്തിൽ നിന്ന് 750/-രൂപയാണ് ഈടാക്കിയിട്ടുള്ളത്. ആയതിന്റെ കാരണവും, അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ 13ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ 2014-15വർഷത്തെ ഭീമമായ ജോലിഭാരം മൂലം മറ്റ് ജോലികൾ ചെയ്യുന്നതിന് സമയം ലഭിച്ചില്ലായെന്നും വരും വർഷങ്ങളിൽ കൃത്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും, M/s.എവർഷൈൻ പെട്രോളിയം എന്ന സ്ഥാപനത്തിൽ നിന്നും ലൈസൻസ് ഫീ ഇനത്തിൽ കുറവായി വാങ്ങിയ 250/-രൂപ ഈടാക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ പേരും ഉടമസ്ഥന്റെ പേരും സ്ഥലനാമവും രേഖപ്പെടുത്തിയ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയാറാക്കേണ്ടതും, എല്ലാ സ്ഥാപനങ്ങളും ലൈസൻസോടെയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ 1996ലെ കേരള പഞ്ചായത്ത് രാജ് (കുറ്റങ്ങൾ രാജിയാക്കൽ) ചട്ടങ്ങൾ പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 പരസ്യനികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലും തവണക്കടവ് ജെട്ടിയിലും നിരവധി പരസ്യങ്ങൾ പ്രദർശിപ്പിച്ചിട്ടുള്ളതായി ഭൗതിക പരിശോധനയിൽ കാണുവാൻ കഴിഞ്ഞു. എന്നാൽ 2015-16 വർഷം പരസ്യനികുതി ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് വരവ് ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് 09.11.2016-ൽ നൽകിയ 5ാം നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പഞ്ചായത്ത് പരസ്യനികുതി ബൈലോ അംഗീകരിക്കാത്തതിനാലാണ് നികുതി ഈടാക്കാത്തത് എന്നാണ് അറിയിച്ചിട്ടുള്ളത്. ഈ വിഷയം പഠിച്ച് ബൈലോ അംഗീകരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടിയിൽ പറയുന്നു. പരസ്യനികുതി ഈടാക്കുന്നതിനാവശ്യമായ സത്വരനടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 2-7 തനത് ഫണ്ടിന് പലിശ ലഭിക്കുന്നില്ല

ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിൻെറ ഒറ്റപ്പുന്ന ശാഖയിലെ 4039/10/01/000179 ാം നമ്പർ അക്കൗണ്ടിലാണ് ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്തിൻെറ പ്രതിദിന വരവ് തുക അടയ്ക്കുന്നത്. ഈ അക്കൗണ്ട് ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ടാണ്. ആയതിനാൽ റിസർവ് ബാങ്ക് നിർദ്ദേശിച്ചിട്ടുള്ള 4% പലിശ ഈ അക്കൗണ്ടിലെ നിക്ഷേപങ്ങൾക്കും ലഭിക്കേണ്ടതാണ്. എന്നാൽ 15.01.2010 മുതൽ നാളിതുവരെയായി ഈ അക്കൗണ്ടിലെ നിക്ഷേപങ്ങൾക്ക് പലിശ ലഭിച്ചിട്ടില്ല. പലിശ വരവ് ലഭിയ്ക്കാത്തതിന്റെ കാരണം വിശദീകരിക്കുവാനാവശ്യപ്പെട്ട് 09.11.2016-ൽ നൽകിയ 2ാംനമ്പർ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ 30/05/2016ൽ കൂടിയ പഞ്ചായത്ത് കമ്മറ്റി സേവിംഗ്സ് ബാങ്ക്

അക്കൗണ്ടിന് പലിശ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ബാങ്കിന് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ബാങ്കിലെ ഈ അക്കൗണ്ടിലുള്ള തനത് ഫണ്ടിന് പലിശ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-8 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയിട്ടില്ല

പഞ്ചായത്തിലെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുംപ്രകാരം 2007-08 മുതൽ 2012-13വരെയുള്ള കാലയളവിലെ സെക്യൂരിറ്റി ഡിപ്പോസിറ്റുകൾ, ഇ.എം.ഡി എന്നിവ മൂന്ന് വർഷത്തിലധികമായി അവകാശപ്പെടാതെ കിടക്കുന്നതായി കാണുന്നു.

| വർഷം | തുകകൾ |
|---|---|
| 2007-08 | 53,103/- |
| 2009-10 | 38,878/- |
| 2010-11 | 6,685/- |
| 2011-12 | 32,725/- |
| 2012-13 | 19,782/- |
| ആകെ | 1,51,173/- |

കേരള ഫിനാൻസ്യൽ കോഡ് ആർട്ടിക്കിൾ 282പ്രകാരം മൂന്ന് സാമ്പത്തിക വർഷത്തിലധികമായി അവകാശപ്പെടാതെ കിടക്കുന്ന ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. ഇത് സംബന്ധിച്ച് 10.11.2016-ൽ നൽകിയ 15ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ആട് വളർത്തൽ (എസ്.സി.പി)-മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സബ്സിഡി അധികം നൽകി.

ബിൽ നം.4/2016/22.02.2016 428250

ബിൽ നം.5/2016/26.03.2016 321750

ആകെ 750000

തിരിച്ചടച്ച തുക(4.3.2016) 18750

ബാക്കി 731250

സീനിയർ വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ S0015/16 നമ്പർ പ്രോജക്ടിനായി വികസനഫണ്ട് (എസ്.സി.പി) 750000 രൂപയും ഗുണഭോക്തൃവിഹിതം (സ്ഥാപനത്തിൽ അടയ്ക്കുന്നത്) 295500 രൂപയും ഉൾപ്പെടെ ആകെ 1045500രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രോജക്ട് പ്രകാരം പെണ്ണാടുകളെ വാങ്ങി നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. പ്രോജക്ടിൽപ്പെടുത്തി അമ്പലപ്പുഴ M&M ഫാമിൽ നിന്നും ചുവടെ ചേർക്കുംപ്രകാരം 273 ആട്ടിൻകുട്ടികളെ വാങ്ങി 91 ഗുണഭോക്താക്കൾക്കായി വിതരണം ചെയ്തിട്ടുണ്ട്.

| ക്യാഷ് ബിൽ നം. | ആട്ടിൻകുട്ടികളുടെ എണ്ണം | പ്രായം | നിരക്ക് | തുക |
|---|---|---|---|---|
| 221/12.02/16 | 150 | 6-8 മാസം | 3640 | 546000 |

| | | | | |
|---|---|---|---|---|
| 224/22.03.16 | 123 | 6 മാസം | 3640 | 447720 |
| ആകെ | | | | 993720 |

മൃഗസംരക്ഷണവകുപ്പിൽ ബാധകമാക്കിയിട്ടുള്ള യൂണിറ്റ് കോസ്റ്റ് 4-7 മാസം പ്രായമുള്ള ആട്ടിൻകുട്ടിക്ക് 3000 രൂപയും 8-12 മാസം പ്രായമുള്ള ആട്ടിൻകുട്ടിക്ക് 4500 രൂപയും പെണ്ണാടിന് 7000 രൂപയുമാണ്. സീനിയർ വെറ്റിനറി സർജൻ തയ്യാറാക്കിയ വിതരണ രേഖകളിൽ ആട്ടിൻകുട്ടികളുടെ പ്രായം 6 മാസമാണ് കാണിച്ചിട്ടുള്ളത്. അതായത്, പെണ്ണാടുകളെയല്ല, ആട്ടിൻകുട്ടികളെയാണ് വിതരണം ചെയ്തിട്ടുള്ളത്.

16.11.2013-ലെ ജി.ഒ.(എം.എസ്)362/2013/ത.സ്വ.ഭ.വ സബ്സിഡി മാർഗ്ഗരേഖ പ്രകാരം ആട്ടിൻകുട്ടി വാങ്ങുന്നതിന് പട്ടികജാതി വിഭാഗത്തിന് ചെലവഴിക്കാവുന്ന സബ്സിഡി 75 % പരമാവധി 7500 രൂപയാണ്. ആയതിനാൽ പരമാവധി സബ്സിഡി അനുവദിക്കാവുന്നത് 682500 (7500X91) രൂപയാണ്. എന്നാൽ ആടിനെ വാങ്ങിയതിന്റെ സബ്സിഡി ഇനത്തിൽ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ളത് 731250 (750000-തിരിച്ചടച്ച തുക18750) രൂപയാണ്. ഇത് സംബന്ധിച്ച് 10.11.2016-ൽ നൽകിയ 9-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക്, 15കി.ഗ്രാം തൂക്കമുള്ള പെണ്ണാടുകളെയാണ് വിതരണം ചെയ്തതെന്ന നിർവ്വഹണ ഉദ്യോഗസ്ഥ നൽകിയ മറുപടി മേൽ കാരണങ്ങളാൽ തൃപ്തികരമല്ല. അധികം ചെലവഴിച്ച തുക 48750 രൂപ തടസ്സപ്പെടുത്തുന്നു. ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതാണ്. അല്ലായെങ്കിൽ ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയാകുന്നതാണ്.

## 3-2 തെരുവ് വിളക്കുകളുടെ വാങ്ങൽ,പരിപാലനം- അപാകതകൾ

തെരുവ് വിളക്ക് പരിപാലനം (പ്രോ.നം.90/16)ന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

പ്രോ.നം.:90/16(തെരുവ് വിളക്ക് പരിപാലനം)

അടങ്കൽ: 4 ലക്ഷം(വികസന ഫണ്ട്-135686/-; തനതു ഫണ്ട്-264314/-)

ചെലവ്: 4 ലക്ഷം- (1. ബിൽ നം. 02/15-16/30.05.15- 1,35,686/-

2. ഡി.ഡി നം. 55090/30.05.15 - 2,44,439/-)

3. ഡി.ഡി. നം. 94904/30.05.15- 29682/-(പ്രോജക്ടിലെ തനതു ഫണ്ട് ബാക്കി- 14976/- രൂപയും 14706/- രൂപ തനതു ഫണ്ടിൽനിന്നു non-plan civic functions എന്ന ഹെഡ് മുഖേനയും)

പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു.

(i)തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളുടെ സൂക്ഷിപ്പ് കൃത്യമല്ല.

മെയിൻ സ്റ്റോക്ക് രജിസ്റ്ററിലാണ് തെരുവു വിളക്കുകളുടെ സ്റ്റോക്ക് വിവരം രേഖപ്പെടുത്തിയിരിക്കുന്നത്. സ്റ്റോക്ക് വിവരം ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക്-ഇൻ-രജിസ്റ്റർ, സ്റ്റോക്ക്-ഔട്ട് രജിസ്റ്റർ, അൺ സർവ്വീബ്ൾ ഐറ്റംസ് രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ എന്നിവ തയാറാക്കി സൂക്ഷിച്ചിട്ടില്ല.

(ii) തെരുവ് വിളക്കുകൾ വാങ്ങുന്നത് സംബന്ധിച്ച നടപടിക്രമം പാലിച്ചിട്ടില്ല.

എൽ.ഇ.ഡി. ബൾബുകൾ ഒഴികെയുള്ള തെരുവ് വിളക്കുകളുടെ വിതരണം, ഇൻസ്റ്റലേഷൻ &മെയിന്റനൻസ്, ഗ്യാരന്റി നൽകൽ എന്നിവ കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനം മുഖേന നടത്തണമെന്നും സപ്ലൈ ഓർഡർ നൽകി ഒരാഴ്ചയ്ക്കുള്ളിൽ മറുപടി ലഭിക്കാത്ത പക്ഷം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സ്വന്ത നിലയിൽ ടെണ്ടർ നടപടി മുഖേന പ്രവ്യത്തി പൂർത്തീകരിക്കാമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.(സ.ഉ.(സാധാ.)നം.3140/2015/തസ്വഭവ തീ:16.10.15). 19.02.15ലെ സ.ഉ.(സാധാ)നം.493/2015/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം എൽ.ഇ.ഡി. ലൈറ്റുകളുടെ വിതരണം കെൽട്രോണിനെയായിരുന്നു ഭരമേൽപ്പിച്ചിരുന്നത്. എന്നാൽ ഈ ഉത്തരവ് നിലനിൽക്കെ പഞ്ചായത്ത് എൽ.ഇ.ഡി ലൈറ്റുകൾ ഉൾപ്പടെയുള്ള തെരുവ് വിളക്കുകൾ 04.02.2015-ലെ ടെണ്ടർ നടപടിക്രമങ്ങളിലൂടെ എഡിസൺ ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി (150എണ്ണം-24w @2400=3,60,000/-).ഇത് 19.02.2015-ലെ സ.ഉ.(സാധാ)നം. 493/2015/തസ്വഭവ ഉത്തരവിന് വിരുദ്ധമാണ്. സപ്ലൈ ഓർഡർ നൽകിയ എഡിസൺ ഇലക്ട്രോണിക്സ് എന്ന സ്ഥാപനവുമായി പഞ്ചായത്ത് കരാറിലേർപ്പെട്ടതായോ പെർഫോമൻസ് ഗ്യാരന്റി വാങ്ങിയതായോ ഉള്ള രേഖകൾ ലഭ്യമല്ല.

ടി അപാകതകളിന്മേലും തെരുവ് വിളക്കുകൾക്ക് ഓട്ടോമാറ്റിക്ക് സംവിധാനം, മീറ്ററിംഗ് സംവിധാനം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടോ ഇല്ലായെങ്കിൽ കെ.എസ്.ഇ.ബി വൈദ്യുതി ചാർജ് ഈടാക്കുന്നതിനടിസ്ഥാനമായ താരിഫ് കാർഡ് ഉള്ളവയാണോ തുടങ്ങിയ കാര്യങ്ങളിന്മേലും വിശദീകരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 19/14.11.2016) മറുപടി ലഭ്യമാക്കിയിട്ടില്ല.

സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതാണ്. ടി വിഷയത്തിലേയ്ക്ക് പഞ്ചായത്ത് ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-3 മീഡിയാശ്രീ-വീഡിയോ ഡോക്യുമെന്ററി തയാറാക്കി പഞ്ചായത്തിന് നൽകിയില്ല

നിർവ്വഹണം: അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ: 65,000/--(ത.ഫ)

ചെലവ്: 65,000/-(ഡി.ഡി. നം.047728/21.07.2015).

ഗ്രാമപഞ്ചായത്തിന്റെ ചരിത്രം, വർത്തമാനം, വികസന പ്രവർത്തനം, മറ്റു പ്രസക്ത വിവരങ്ങൾ എന്നിവയെ ആധാരമാക്കിയുള്ള വീഡിയോ ഡോക്യുമെന്റേഷൻ നിർമ്മിക്കുന്നതിനായി കുടുംബശ്രീ സംസ്ഥാന മിഷനു തുക നൽകുന്നതിനായുള്ള പ്രോജക്ടാണിത്.

പഞ്ചായത്തും കുടംബശ്രീ ആലപ്പുഴ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററും 01.07.2015-ൽ ഒപ്പിട്ട കരാറിലെ വ്യവസ്ഥകൾ പ്രകാരം വീഡിയോ ഡോക്യുമെന്റേഷന്റെ 10 പകർപ്പുകൾ 60 ദിവസത്തിനകം പഞ്ചായത്തിന് കൈമാറണമെന്നുണ്ട്. ടി പകർപ്പുകൾ പഞ്ചായത്തിന് ലഭിച്ചുവോ, പഞ്ചായത്തു നൽകേണ്ട തിരക്കഥാ രൂപരേഖ കുടംബശ്രീ മിഷനു നൽകിയോ എന്നീ വിവരങ്ങൾ ആരാഞ്ഞു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/10.11.2016) വിശദീകരണം ലഭ്യമാക്കിയിട്ടില്ല. കുടംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് 03.10.2016 -ലെ സി.1/2016-ാം നമ്പർ കത്തു പ്രകാരം ഡോക്യുമെന്ററി സംബന്ധിച്ച് നടപടി സ്വീകരിക്കാൻ അസിസ്റ്റന്റ് സെക്രട്ടറി ആവശ്യപ്പെട്ടതിൽ നിന്നും വീഡിയോ ഡോക്യുമെന്ററി ലഭിച്ചിട്ടില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. കരാറിലെ വ്യവസ്ഥകൾ പ്രകാരം കുടുംബശ്രീ മിഷൻ വീഡിയോ ഡോക്യുമെന്ററി തയ്യാറാക്കി ഹാജരാകാത്ത സാഹചര്യത്തിൽ പ്രോജക്ടിനായി ചെലവഴിച്ച തുകയായ 65,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 പൊടിപാടങ്ങളിൽ പയർവർഗ്ഗകൃഷി (നം.S0041/16) – പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

പൊടിപാടങ്ങളിൽ പയർവർഗ്ഗകൃഷി (നം.S0041/16) എന്ന പ്രോജക്ടിൽ വികസനഫണ്ട് 21500 രൂപയും സ്ഥാപനത്തിൽ അടയ്ക്കുന്ന ഗുണഭോക്തൃ വിഹിതം 4700 രൂപയും ഉൾപ്പെടെ 26200 രൂപയാണ് വകയിരുത്തിയിരുന്നത്. പ്രോജക്ടിൽപ്പെടുത്തി നാഷണൽ സീഡ്സ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും ചെറുപയർ വിത്ത്, കപ്പലണ്ടി വിത്ത് എന്നിവ വാങ്ങിയതിന്റെ വിലയായി വികസന ഫണ്ടിൽ നിന്നും 15.03.2016-ലെ ബിൽ നമ്പർ.പി.ബി.209/2015-16 (ക്രമ നം.6) പ്രകാരം 14877 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 13500/-രൂപ വിത്തിനും 1377രൂപ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ഇനത്തിലുമാണ് ചെലവഴിച്ചിട്ടുള്ളത്. നാഷണൽ സീഡ്സ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 03.03.2016-ലെ ഇൻവോയ്സ് നം.443 പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | അളവ് | നിരക്ക് | തുക |
|---|---|---|---|
| ചെറുപയർ വിത്ത് | 100 kg | 140/kg | 14000 |
| കപ്പലണ്ടി വിത്ത് | 60 kg | 79/kg | 4740 |
| ആകെ | | | 18740 |

ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. നാഷണൽ സീഡ്സ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും 15.02.2016-ൽ നൽകിയ 1375-ാം നമ്പർ മൂവ്മെന്റ് സർട്ടിഫിക്കറ്റ് പ്രകാരം 11310 രൂപ മൂല്യം വരുന്ന 48kg ചെറുപയർ വിത്തും 60 kg കപ്പലണ്ടി വിത്തുമാണ് കേരള റോഡ് വേയ്സ് കൃഷി ഭവനിൽ എത്തിച്ചിട്ടുള്ളത്. 16.02.2015-ലെ 415-ാം നമ്പർ മൂവ്മെന്റ് സർട്ടിഫിക്കറ്റാണ് ശേഷിക്കുന്ന 52 kg ചെറുപയർ വിത്ത് കൊണ്ടുവന്നതിന്റെ രേഖയായി ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ഈ

സർട്ടിഫിക്കറ്റിൽ “Black gram” എന്നത് തിരുത്തി "Green gram” എന്ന് ആക്കിയിട്ടുള്ളതായും ചെറുപയർ വിത്തിന്റെ വില 130/kg ആയും വില 6760 രൂപയായും കാണുന്നു.

2. പ്രോജക്ടിന്റെ ഗുണഭോക്തൃ വിഹിതമായ 5240 രൂപയ്ക്ക് കൃഷി ഓഫീസർ ഗ്രാമ പഞ്ചായത്തിൽ റിക്വിസിഷൻ നൽകിയതായി കാണുന്നു. തുക കൈമാറിയതിന്റെ രേഖയോ കൈപ്പറ്റ് രസീതോ ഫയലിൽ സൂക്ഷിട്ടില്ല. വികസനഫണ്ട് 13500 രൂപ സ്ഥാപനം കൈപ്പറ്റിയതിന്റെ രശീതും ഹാജരാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് 9.9.2016-ൽ നൽകിയ 9-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മൂവ്മെന്റ് സർട്ടിഫിക്കറ്റിന്റെ തീയതി തെറ്റായി ചേർത്തതാണെന്നും അപാകതകൾ നാഷണൽ സീഡ്സ് കോർപ്പറേഷനെ അറിയിച്ച് മറുപടി നൽകുന്നതാണെന്നും കൈപ്പറ്റ് രസീത് ഹാജരാക്കുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ 14877 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 തെരുവ് വിളക്കുകൾ-സംയുക്തപരിശോധന നടത്തിയിട്ടില്ല

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ പ്രതിമാസം 59390/-രൂപ തനത്ഫണ്ടിൽ നിന്നും കെ.എസ്.ഇ.ബിയിൽ അടയ്ക്കുന്നുണ്ട്. കെ.എസ്.ഇ.ബിയുടെ ഡിമാന്റ് നോട്ടീസ് ലഭിച്ചത് വൗച്ചറിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.തെരുവുവിളക്കുകളുടെ എണ്ണം സംബന്ധിച്ച രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. തെരുവുവിളക്കുകളുടെ എണ്ണം നിർണ്ണയിക്കുന്നതിന് കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തിയിട്ടുണ്ടോയെന്ന് അന്വേഷിച്ച് നൽകിയ 22ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ സംയുക്തപരിശോധന നടത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സംയുക്തപരിശോധന നടത്തി നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണത്തിന് അനുസൃതമായി തുക ഒടുക്കേണ്ടതാണ്.

## 3-6 അഗതി-ആശ്രയ: ചെലവ് രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ അഗതി-ആശ്രയ പ്രോജക്ട് പ്രകാരം സി.ഡി.എസ്. ചെയർ പേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവരുടെ സംയുക്ത അക്കൗണ്ടിലേയ്ക്ക് തുക കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രോ.നം.:27/16(അഗതി-ആശ്രയ)

അടങ്കൽ: 2ലക്ഷം(വി.ഫ)

ചെലവ്: 2ലക്ഷം- (ബിൽ നം. 05/15-16/31.07.15)

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ അഗതി-ആശ്രയ രണ്ടാം ഘട്ട ലിസ്റ്റിൽ 95 പേർ ഉണ്ട്. പഞ്ചായത്ത് വികസന ഫണ്ടിൽ നിന്നും നൽകിയ തുകയുടെ വിനിയോഗ വിവരം, ചെലവ് രേഖകൾ എന്നിവ ലഭ്യമല്ല. സി.ഡി.എസ്. ചെയർ പേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവരുടെ പേരിലുള്ള പഞ്ചാബ് നാഷണൽ ബാങ്ക് അക്കൗണ്ടിൽ (3894000100526701) പ്രസ്തുത 2ലക്ഷം രൂപ 26.08.2015-ൽ ക്രെഡിറ്റിൽ വന്നിട്ടുണ്ട്. 31.03.2016-ൽ 14,85,854/- രൂപ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ളതായി കാണുന്നു. നിരാലംബരും അഗതികളുമായ ഗുണഭോക്താക്കൾ ധാരാളം പേർ ഉണ്ടായിരിക്കേ സേവന പാക്കേജുകൾ ശരിയാംവണ്ണം നടപ്പിലാക്കാത്തതിനാൽ വൻതുക ബാലൻസായി അക്കൗണ്ടിൽ അവശേഷിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം. 18/10.11.16). അഗതികൾക്ക സേവനപാക്കേജുകൾ നടപ്പാക്കുന്നതിനായി വികസനഫണ്ടിൽ നിന്നും നൽകിയ 2 ലക്ഷം രൂപയുടെ വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല. വിനിയോഗ രേഖകളുടെ അഭാവത്തിൽ ചെലവു തുക 2 ലക്ഷം രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 "തുല്യതാ പഠന സഹായം" പ്രോജക്ട് -അപാകതകൾ

സെക്രട്ടറി നിർവ്വഹണം നടത്തിയ പത്താം തരം തുല്യതാ പഠന സഹായം എന്ന പ്രോജക്ടിൽ വികസന ഫണ്ടിൽ നിന്നും 65000/-രൂപ വകയിരുത്തിയതിൽ 30000/-രൂപ ചെലവഴിച്ചിട്ടുണ്ട്.(പ്രോ.നം. 01/16;ബിൽ നം. 25/15-16 /26.03.16). പ്രോജക്ട് രൂപ രേഖ പേജ് നം. 7 പ്രകാരം പഠിതാവ് ഒന്നിന് പഞ്ചായത്ത് അടയ്ക്കേണ്ട ഫീസ് 1800/-രൂപ മാത്രമാണ് വകയിരുത്തിട്ടുള്ളത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 06.10.2009-ലെ 48360/എഫ്.എം.1 /2009/തസ്വഭവ നം. സർക്കുലർ പ്രകാരം സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി നടപ്പാക്കി വരുന്ന പത്താം

തരം തുല്യതാ കോഴ്സ് ചെലവ് പഞ്ചായത്തിന് വഹിക്കാമെന്നും പാഠപുസ്തകം, സമ്പർക്ക ക്ലാസ് എന്നിവയുൾപ്പടെയുള്ള കോഴ്സ് ഫീസ് 1200/-രൂപയും പരീക്ഷാ ഫീസ് 500/-രൂപയുമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ടി വ്യവസ്ഥകൾക്ക വിരുദ്ധമായി പഠിതാവൊന്നിന് 2000/-രൂപ നിരക്കിൽ 15 പേർക്കായി 30,000/-രൂപ കേരള സാക്ഷരതാ മിഷൻ അതോറിറ്റിയ്ക്ക് നൽകിയിട്ടുണ്ട്. കൂടാതെ പഠിതാക്കളുടെ ഹാജർ ലിസ്റ്റ്, രജിസ്ട്രേഷൻ, പരീക്ഷാ ഹാൾടിക്കറ്റ്/പരീക്ഷ പാസായതിന്റെ സർട്ടിഫിക്കറ്റ് എന്നീ രേഖകൾ ലഭ്യമല്ല. അപാകതകളിയിന്മേലുള്ള രേഖകളും വിശദീകരണവും ലഭ്യമാക്കാൻ ആവശ്യപ്പട്ട നൽകിയ ഓഡിറ്റ് അന്വേഷണം നം. 8/09.11.16 ന ലഭ്യമാക്കിയ മറുപടിയിൽ കേരളസാക്ഷരതാ മിഷന്റെ 2014-15-ലെ ഒൻപതാം ബാച്ചിന്റെ പ്രോസ്പെക്ടസ് പ്രകാരം കോഴ്സ് ഫീസ് 1500/- രൂപയും പരീക്ഷാ ഫീസ് 500/- രൂപയുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പഠിതാക്കളുടെ രജിസ്ട്രേഷൻ, ഹാജർ രജിസ്റ്റർ, ഹാൾടിക്കറ്റ്/പരീക്ഷ പാസായതിന്റെ സർട്ടിഫിക്കറ്റ് എന്നിവ കോഴ്സ് കോ-ഓർഡിനേറ്ററുടെ പക്കൽ നിന്നും വാങ്ങി ഹാജരാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. രേഖകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവ് തുക 30,000/-തടസ്സപ്പെടുത്തുന്നു.

## 3-8 സംയുക്തപരിശോധന നടത്തിയിട്ടില്ല – വെള്ളക്കരമിനത്തിൽ അധികതുക അടയ്ക്കുന്നു.

പഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ പ്രതിമാസം 123375/-രൂപ അടയ്ക്കുന്നുണ്ട്. പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച വാർഡ് തിരിച്ചുള്ള ലിസ്റ്റ് പഞ്ചായത്തിന്റെ കൈവശം ലഭ്യമല്ല. പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം എടുക്കുന്നതിനുവേണ്ടി വാട്ടർ അതോറിറ്റിയുമായി സംയുക്തപരിശോധന നടത്തിയിട്ടുണ്ടോയെന്ന് അന്വേഷിച്ച് നൽകിയ 17ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ കേരള വാട്ടർ അതോറിറ്റിയുമായി ആലോചിച്ച് തീരുമാനിക്കുന്നതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. സംയുക്തപരിശോധന നടത്തി പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം നിജപ്പെടുത്തി അതിന്റെ അടിസ്ഥാനത്തിൽ വെള്ളക്കരം അടവാക്കേണ്ടതാണ്.

## 3-9 ഐ. എ.വൈ ഭവന പദ്ധതി- വിനിയോഗ വിവരം ലഭ്യമല്ല

I സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16 -ൽ നടപ്പാക്കിയ ഐ.എ.വൈ ഭവന പദ്ധതിയ്ക്ക് ധനസഹായം നൽകൽ എന്ന പ്രോജക്ടിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

1)ഐ.എ.വൈ ഭവന പദ്ധതി(പ്രോ. നം. 219/16)

അടങ്കൽ: 3 ലക്ഷം(വികസന ഫണ്ട് എസ്.സി.പി)

ചെലവ് : 3 ലക്ഷം( ബിൽ നം. 34/15-16 തീ: 31.03.16)

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ തൈക്കാട്ടുശ്ശേരി ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ തുക കൈപ്പറ്റിയതിന്റെ രസീത്, ഐ.എ.വൈ ഗുണഭോക്താക്കളുടെ ലിസ്റ്റ്, തുകയുടെ വിശദമായ വിനിയോഗ സാക്ഷ്യപത്രം (എത്ര ഗുണഭോക്താക്കൾക്ക് തുക നൽകി(നൽകിയ തുക, ഗഡുക്കളുടെ എണ്ണം), അവർ ഭവന നിർമ്മാണം പൂർത്തീകരിച്ചുവോ? തുടങ്ങിയ വിവരങ്ങൾ അടങ്ങിയത്) എന്നിവ ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/14.11.16) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

II അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16 -ൽ നടപ്പാക്കിയ ഐ.എ.വൈ വിഹിതം എന്ന പ്രോജക്ടുകളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

1). ഐ.എ.വൈ വിഹിതം(പ്രോ. നം. 193/16)

അടങ്കൽ: 35000/-(വി.ഫ. റ്റി. എസ് .പി)

ചെലവ് : 35000/-( ബിൽ ക്രമനം. 30/15-16/ 19.03.16)

2) ഐ.എ.വൈ വിഹിതം(പ്രോ. നം. 28/16)

അടങ്കൽ: 15,30,000/-(വി.ഫ.എസ് സി.പി)-15.20 ലക്ഷം; ത.ഫ.-10000)

ചെലവ് : 15,20,000/-(ബിൽ ക്രമനം. 29/15-16/ 19.03.16-13,20,000/-)

(ബിൽ നം. 06/15-16/31.07.15 -2,00,000/-)

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ തൈക്കാട്ടുശ്ശേരി ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ തുക കൈപ്പറ്റിയതിന്റെ രസീത്(ക്രമ നം. 2 ന മാത്രം ബാധകം), ഐ.എ.വൈ ഗുണഭോക്താക്കളുടെ ലിസ്റ്റ്, തുകയുടെ വിശദമായ വിനിയോഗ സാക്ഷ്യപത്രം* (എത്ര ഗുണഭോക്താക്കൾക്ക് തുക നൽകി, നൽകിയ തുക, ഗഡുക്കളുടെ എണ്ണം), അവർ ഭവന നിർമ്മാണം പൂർത്തീകരിച്ചുവോ? തുടങ്ങിയ വിവരങ്ങൾ അടങ്ങിയത്) എന്നിവ ലഭ്യമല്ല. അപാകതകളിന്മേൽ രേഖകളും വിശദീകരണവും ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചിട്ടില്ല.(നം. 18/10.11.16). അപാകതകളുടെ അടിസ്ഥാനത്തിൽ ക്രമ നം.1, 2 പ്രോജക്ടുകൾക്കായി ചെലവഴിച്ച തുക യഥാക്രമം 35,000/- രൂപ, 13,20,000 രൂപ എന്നിവ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

*(* ബിൽ നം. 06/15-16 പ്രകാരമുള്ള 2 ലക്ഷം രൂപയുടെ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്.)*

## 3-10 ഇ.എം.എസ്.ഭവന വായ്പാ തിരിച്ചടവിൽ കാലതാമസം

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി വികസന ഫണ്ടിൽ നിന്നും ഇ.എം.എസ് ഭവന വായ്പ തിരിച്ചടക്കുന്നതിനായി പ്രോജക്ട് രൂപീകരിച്ച് നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഇ.എം.എസ്. ഭവന വായ്പാ തിരിച്ചടവ്(പ്രോ. നം. 218/16)

അടങ്കൽ: 15,14,550/-(വി.ഫ.)

ചെലവ് : 15,14,550/-( ബിൽ നം. 33/15-16 തീ: 31.03.16- 9,14,550/-

ബിൽ നം. 35/15-16 തീ: 31.03.16 – 6,00,000/)

മേൽ ബില്ലുകൾ പ്രകാരം 31.03.2016-ൽ തുക പിൻവലിച്ചതായി കാണുന്നു. എന്നാൽ തിരുനെല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് ഇ.എം.എസ്. വായ്പാ പാസ് ബുക്കിൽ ടി തുക തിരിച്ചടവ് ഇനത്തിൽ വരവ് വെച്ചിരിക്കുന്നത് 22.04.2016 ന് മാത്രമാണ്. തുക ബാങ്കിൽ അടവാക്കുന്നതിന് കാലതാമസം ഉണ്ടായതിന് വിശദീകരണം ആരാഞ്ഞു നൽകിയ 14.11.2016-ലെ 11-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പിൻവലിച്ച തുക വൈകിമാത്രം നിക്ഷേപിക്കാനുണ്ടായ കാരണം വ്യക്തമാക്കേണ്ടതാണ്.

## 3-11 വീട് പുനരുദ്ധാരണം- മതിയായ രേഖകൾ ഉറപ്പുവരുത്താതെ സബ്സിഡി അനുവദിച്ചു.

പ്രോ നം. 49/16(വീട് പുനരുദ്ധാരണം- ജനറൽ)

അടങ്കൽ:15,50,000/-

ചെലവ്: 15,00,000/- (ബിൽ നം. 03/15-16/19.02.16- 3,75,000/-

ബിൽ നം. 04/15-16/18.03.16- 93,608/-

ബിൽ നം. 05/15-16/18.03.16- 4,31,392/-

ബിൽ നം. 06/15-16/31.03.16- 6,00,000/- )

വി.ഇ.ഒ.തിരുനെല്ലൂർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ വീട് പുനരുദ്ധാരണം(പ്രോ.നം.49/16) എന്ന പ്രോജക്ട് പരിശോധിച്ചതിൽ താഴെ പറയുന്ന വ്യക്തികൾക്ക് വീട് പുനരുദ്ധാരണത്തിനായി 15000/-രൂപ വീതം നൽകിയിട്ടുണ്ട്. ടിയാളുകളുടെ അപേക്ഷകളിൽ പുനരുദ്ധാരണത്തിനായി അപേക്ഷിച്ച വീടിന്റെ കാലപ്പഴക്കം സംബന്ധിച്ച രേഖ ലഭ്യമല്ല.

| ക്രമ നം. | ഉടമസ്ഥന്റെ പേര് | കെട്ടിട നം. | റിമാർക്സ് |
|---|---|---|---|
| 1 | ഗീത പൊന്നപ്പൻ w/o നാരായണൻ, നികർത്തിൽ, | വാർഡ് -10/300 | ബിൽ നം.06/15-16<br>A/cNo.7179001700033662 |
| 2 | ത്രേസ്യ ദേവസ്യ, | വാർഡ്- | ബിൽ നം.06/15-16 |

| ക്രമ നം. | ഉടമസ്ഥന്റെ പേര് | കെട്ടിട നം. | റിമാർക്സ് |
|---|---|---|---|
| | പുത്തൻപുരയ്ക്കൽ | 10/522 | A/c No.7179001700084365<br>മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിൽ വാർഡ് -14 കെട്ടിടനം. 51 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് |
| 3 | സരസമ്മW/o പരമേശ്വരൻപിള്ള, കുന്നേപ്പറമ്പ് കോളനി | വാർഡ്-4/199 | ബിൽ നം.06/15-16<br>A/c No.7179001700016832 |
| 4 | രാജമ്മ w/o ശങ്കു പത്മനാഭൻ കാട്ടിത്തറ നികർത്ത് | വാർഡ്-11/ 338 | ബിൽ നം.06/15-16<br>A/c No.7179001700021861 |
| 5 | രവീന്ദ്രൻ വെളിയത്ത്<br>(ഭാര്യ- ലളിത) | വാർഡ്-9/261 | ബിൽ നം.06/15-16<br>A/c No.7179001700014010 |
| 6 | വർക്കി മാത്യൂ,വാതപ്പള്ളിൽ<br>(ഭാര്യ - ചിന്നമ്മ) | വാർഡ്-6/306 | ബിൽ നം.06/15-16<br>A/C No.7179001700013376<br>ഓണർഷിപ്പ് സർട്ടിഫിക്കറ്റിൽ 2013 എന്ന രേഖപ്പെടുത്തൽ (VI/306/2013) |
| 7 | ഗംഗാധരൻ കുഞ്ഞൻ, കൊച്ചുപുരയ്ക്കൽ<br>(ഭാര്യ-പത്മാക്ഷി) | വാർഡ്-14/21 | ബിൽ നം.03/15-16<br>A/c No.7179001700053648 |
| 8 | രാധ w/o പുരുഷോത്തമൻ, തുമ്പേപ്പറമ്പ് | വാർഡ്-8/462 | ബിൽ നം.04,05/15-16<br>A/c No.7179001700036809 |
| 9 | ശിവദാസൻ കേശവൻ, ചാണിവെളി<br>(ഭാര്യ- ശാന്ത) | വാർഡ്-3/419 | ബിൽ നം.04,05/15-16<br>A/c No. 7179001700070964 |
| 10 | തങ്കമ്മ w/o ദാമോദരൻ, വള്ളപ്പുരയ്ക്കൽ | വാർഡ്- 9/447A(339) | ബിൽ നം.04,05/15-16<br>A/c No. 7179001700031752<br>മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിൽ കെട്ടിടനം. 447A എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. |

| ക്രമ നം. | ഉടമസ്ഥന്റെ പേര് | കെട്ടിട നം. | റിമാർക്സ് |
|---|---|---|---|
| 11 | രാജൻ നാരായണൻ, നല്ലതറ (ഭാര്യ-അമ്മിണി) | വാർഡ്-12/275 | ബിൽ നം.04,05/15-16<br>A/c No. 67225754478 |

വിശദീകരണം ആരാഞ്ഞു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/14.11.16)മറുപടി ലഭ്യമാക്കിയിട്ടില്ല.

കാലപ്പഴക്കം സംബന്ധിച്ച രേഖയില്ലാതെ സബ്സിഡി നൽകിയത് സബ്സിഡി മാർഗരേഖ ലംഘനമായതിനാൽ 1,65,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-12 പഞ്ചായത്ത് കെട്ടിടങ്ങളുടെ വൈദ്യുതി താരീഫ്

പഞ്ചായത്തിലെ എൽ.എസ്.ജി.ഡി അസ്സിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിന്റെ വൈദ്യുതി കൺസ്യൂമർ നം.7 ബി താരീഫാണ്. പഞ്ചായത്തിന്റെ കെട്ടിടങ്ങൾക്കെല്ലാം 6ബി താരീഫിലാണ് വൈദ്യുതി നിരക്ക് ഈടാക്കേണ്ടത്. ഉയർന്ന താരീഫിൽ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നത് സംബന്ധിച്ച് നൽകിയ 17ാം നമ്പർ ഓഡിററ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ പഞ്ചായത്തിന്റെ കെട്ടിടങ്ങൾക്കുള്ള 6ബി താരീഫിലാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. പഞ്ചായത്തിന്റെ എല്ലാ കെട്ടിടങ്ങളുടെയും വൈദ്യുതി താരീഫുകൾ 6ബിയിലേക്ക് മാറ്റേണ്ടതാണ്.

## 3-13 പകൽ വീട് പണിപൂർത്തികരിച്ചെങ്കിലും പൊതുജങ്ങൾക്ക് പ്രയോജനപ്പെട്ടുത്തിയിട്ടില്ല

പ്രോജക്ട് നം.S0092/16-ൽ ഉൾപ്പെടുത്തി തനത് ഫണ്ട് ഉപയോഗിച്ച് പഞ്ചായത്തിലെ പകൽ വീട് ഇലക്ട്രിക്കൽ വയറിംഗ് നടത്തിയതിന് ഈ സാമ്പത്തിക വർഷം 04/08/2015ലെവൗച്ചർ നം.391പ്രകാരം 58755/-രൂപചെലവഴിച്ചിട്ടുണ്ട്. വൈദ്യുതി കണക്ഷനുവേണ്ടി 21/3/16ലെ വൗച്ചർ നം77പ്രകാരം 12300/-രൂപയും ചെലവഴിച്ചിട്ടുണ്ട് പകൽ വീട് പൊതുജങ്ങൾക്ക് തുറന്ന് കൊടുക്കാത്തതിന്റെ കാരണം അന്വേഷിച്ച് നൽകിയ 17ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ നടപ്പു സാമ്പത്തിക വർഷം തന്നെ പ്രവർത്തന സജ്ജമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഭൗതിക സാഹചര്യങ്ങൾ ഒരുക്കി ഉടൻ തന്നെ പ്രയോജനപ്പെടുത്തേണ്ടതാണ്.

## 3-14 ഔദ്യോഗിക യാത്രകൾ- ആവശ്യമായ രേഖകൾ ഹാജരാക്കിയില്ല

പഞ്ചായത്ത് പ്രസിഡന്റിന്റെ ഔദ്യോഗിക യാത്രകൾക്കും, പഞ്ചായത്തിന്റെ മറ്റ് ആവശ്യങ്ങൾക്കും ഉപയോഗിക്കുന്ന വാഹനം ശ്രീ.രാധാകൃഷ്ണൻ, പുതുവൽനികർത്ത് എന്നയാളുടെ KL 32 5199ാം നമ്പർ വണ്ടിയാണ്. 10/04/2015ലെ വൗച്ചർ നം.33പ്രകാരം 6400/-രൂപയും 26/6/15ലെ വൗച്ചർ നം.258 പ്രകാരം 6000/-രൂപയും 15/7/15ലെ വൗച്ചർ നം. 324പ്രകാരം 8000/-രൂപയും11/9/15ലെ വൗച്ചർ നം.517 പ്രകാരം 10000/-രൂപയും മേൽ ആവശ്യത്തിന് നൽകിയതായി കാണുന്നു. വൗച്ചറുകളോടൊപ്പം ട്രിപ്പ് വൗച്ചറും അപേക്ഷയും മാത്രമാണുള്ളത്. എന്നാൽ കേരള മോട്ടോർ വെഹിക്കൾസ് റൂൾസ് 254 ഫോം 9 പ്രകാരം നിർദ്ദിഷ്ട മാതൃകയിലുള്ള ട്രിപ്പ് ഷീറ്റ് ഹാജരാക്കിയിട്ടില്ല. ആയതു സംബന്ധിച്ച് നൽകിയ17ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ പഞ്ചായത്തിന് വാഹനമില്ലാത്തതിനാലാണ് മേൽ രീതി അവലംബിച്ചത്. മേലിൽ ഇത്തരം ചെലവുകൾ ചെയ്യേണ്ടിവരുമ്പോൾ കേരള മോട്ടോർ വെഹിക്കൾസ് റൂൾസ് 254 പ്രകാരം ചെലവ് രേഖയായ ഫോം 9 ഉൾപ്പെടുത്തുന്നതിന് ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ നിഷ്കർഷിച്ചിരിക്കുന്ന രേഖകളുടെ അടിസ്ഥാനത്തിൽ മാത്രമേ ചെലവുകൾക്ക് സാധൂകരണം ലഭിക്കുകയുള്ളൂ. ചെലവിന് ആധാരമായ രേഖകൾ സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-15 വിധവകളുടെ പെൺമക്കൾക്കുളള വിവാഹധനസഹായം - ചെലവ് രേഖകൾ ഹാജരാക്കിയില്ല.

4/2/2016ലെ സി3-3823/12ാം നമ്പർ നടപടിക്രമപ്രകാരവും 17/3/2016ലെ സി3-3823ാം നമ്പർ

നടപടിക്രമപ്രകാരവും താഴെ പറയുന്ന സാധുക്കളായ വിധവകളുടെ പെൺമക്കൾക്കളുടെ വിവാഹധനസഹായമായി 2,40,000/-രൂപ എട്ട് പേർക്കായി അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | പേരും വിലാസവും | അനുവദിച്ച തുക |
|---|---|---|
| 1 | മേരിക്കുട്ടി,ആലുങ്കൽ വെളി,തിരുനല്ലൂർ | 30000/- |
| 2 | കനകമ്മ,കുന്നേവെളി,പള്ളിപ്പുറം | 30000/- |
| 3 | കുമാരി,കുരിക്കാട്ടുവെളി,പള്ളിപ്പുറം | 30000/- |
| 4 | പൊന്നമ്മ,കാരുള്ളച്ചിറ,കെ.ആർ.പുരം | 30000/- |
| 5 | ലൈല,വടകര,തിരുനല്ലൂർ | 30000/- |
| 6 | ശ്രീമതി വേലായുധൻ,വട്ടച്ചിറയിൽ,പള്ളിപ്പുറം | 30000/- |
| 7 | വത്സലാകുമാരി,വടക്കേപാണിയിൽ | 30000/- |
| 8 | രാധ കെ.കെ.,ആയിരം വെളി,പള്ളിപ്പുറം | 30000/- |
| | ആകെ | 2,40,000 |

മേൽ പറഞ്ഞ ഗുണഭോക്താക്കളുടെ അപേക്ഷയും മറ്റ് രേഖകളും പരിശോധനയ്ക്ക് ഹാജരാക്കുവാനാവശ്യപ്പെട്ട് നൽകിയ 23ാംനമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.ഗുണഭോക്താക്കളുടെ അപേക്ഷയും മറ്റ് രേഖകളും ഹാജരാക്കാത്ത സാഹചര്യത്തിൽ ഈ ആവശ്യത്തിന് വേണ്ടി ചെലവഴിച്ച തുകയായ 2,40,000/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-16 മത്സ്യഭവൻ, സി.ഡി.എസ് ഓഫീസ് നിർമ്മാണം- നിർമ്മാണത്തിലെ അപാകതകൾ

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16 വർഷം മത്സ്യഭവൻ നിർമ്മാണത്തിനായി(S0137/16) ചെക്ക് നം.0273329/15.02.2016 പ്രകാരം 286897 രൂപയും സി.ഡി.എസ് ഓഫീസ് നിർമ്മാണത്തിനായി (S0128/16) 349558 രൂപയും(ബിൽ നം. 55/19.02.16 150000/-, 56/19.02.2016 199558/-) ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത മുറികളിൽ വൈദ്യുതി, വാട്ടർ കണക്ഷൻ ലഭ്യമാക്കുകയോ ഓഫീസ് പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുകയോ ചെയ്യുന്നില്ല. ഭൗതിക പരിശോധനയിൽ സി.ഡി.എസ് ഓഫീസ് പ്രവർത്തനത്തിനായി നിർമ്മിച്ച മുറിയുടെ തറ പൊട്ടിയിരിക്കുന്നതായി കണ്ടു. കെട്ടിട നിർമ്മാണത്തിൽ എന്തെങ്കിലും പാളിച്ചകൾ ഉണ്ടായിട്ടുണ്ടോ എന്ന് അന്വേഷണ വിധേയമാക്കേണ്ടതും തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-17 രേഖകൾ ഹാജരാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

തിരുനല്ലൂർ സ്കൂൾ മെയിന്റനൻസും വാഹനഷെഡ്ഡും എന്ന പ്രോജക്ടിനായി (S134/16) മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ബിൽ നം.18/22.07.2015 പ്രകാരം 600000 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ ഫയൽ, അളവുപുസ്തകം എന്നിവ ഓഡിറ്റ് റിക്വിസിഷൻ മുഖേന ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയില്ല. ഫയൽ, അളവ്പുസ്തകം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-18 കന്നുകുട്ടി പരിപാലനം - പ്രോജക്ട് പൂർത്തിയാക്കിയിട്ടില്ല

പ്രോജക്ട് നം.S0014/16

കന്നുകുട്ടി പരിപാലന പദ്ധതിയിൽപ്പെടുത്തി 15.10.2015-ലെ ബിൽ നം.1/15 പ്രകാരം 312500 രൂപ പിൻവലിച്ച് കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകി. കെ.ആർ.പുരം ക്ഷീരോല്പാദക സഹകരണ സംഘം

A 202 D വഴിയാണ് പ്രോജക്ട് നടപ്പിലാക്കുന്നത്. പ്രോജക്ട് ആരംഭിച്ച് 7/16, 8/16 മാസങ്ങളിൽ കാലിത്തീറ്റ വിതരണം നടത്തിയിട്ടുണ്ട്. പ്രോജക്ട് അവസാനിക്കുന്ന മുറയ്ക്ക് ചെലവ് രേഖകളും വിനിയോഗസാക്ഷ്യപത്രവും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-19 അംഗൻവാടികളുടെ ഭൗതിക സാഹചര്യം തൃപ്തികരമല്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22.03.2011-ലെ 31055/ഡി.സി.2/2011 സർക്കുലർ പ്രകാരം എല്ലാ വർഷവും മെയ് 10-നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അംഗൻവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ് നെസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിലെ അംഗൻവാടികൾ പരിശോധിച്ച് ഇതുവരെ ഫിറ്റ് നെസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. ഫിറ്റ് നെസ് സർട്ടിഫിക്കറ്റിനായി അസി.എഞ്ചിനീയർക്ക് അപേക്ഷ നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല എന്നാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചിട്ടുള്ളത്. പഞ്ചായത്തിലെ 30 അംഗൻവാടികളിൽ സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലാതെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 3 അംഗൻവാടികളും (13,116,117), സ്വന്തമായി സ്ഥലമുണ്ടെങ്കിലും കെട്ടിടമില്ലാത്ത 2 അംഗൻവാടികളും (25,21), സ്വന്തമായി ടോയ് ലെറ്റ് ഇല്ലാത്ത 6 അംഗൻവാടികളും, വൈദ്യുതി കണക്ഷൻ ഇല്ലാത്ത 4 അംഗൻവാടികളും ഉൾപ്പെടുന്നു. അംഗൻവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

6-ാം വാർഡിലെ അംഗൻവാടി നം.14-ൽ 9.11.2016-ന് നിർവ്വഹണ ഉദ്യോഗസ്ഥയുടെ സാന്നിദ്ധ്യത്തിൽ പ്രാദേശിക പരിശോധന നടത്തി. എന്നാൽ പ്രസ്തുത ദിവസം ഒരു കുട്ടി പോലും ഹാജരുണ്ടായിരുന്നില്ല. അറ്റൻഡൻസ് രജിസ്റ്ററിൽ 4 കുട്ടികളുടെ വിവരമാണ് ചേർത്തിട്ടുള്ളത്. 5-ാം തീയതി വരെ അറ്റൻഡൻസ് രജിസ്റ്ററിൽ ഹാജർ രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. കുട്ടികളുടെ ബയോഡാറ്റ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. എന്നാൽ ഗ്രാമ പഞ്ചായത്തിലെ മറ്റ് അംഗൻവാടികളിൽ നിർവ്വഹണ ഉദ്യോഗസ്ഥയുടെ നിർദ്ദേശപ്രകാരം പ്രസ്തുത രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ മറ്റ് അംഗൻവാടികൾക്ക് നൽകുന്നതുപോലെ ഈ അംഗൻവാടിക്കും ഭക്ഷ്യധാന്യങ്ങൾ നൽകുന്നുണ്ട്. അംഗൻവാടികളിൽ പരിശോധന നടത്തി ഹാജരാകുന്ന കുട്ടികളുടെ എണ്ണത്തിനനുസൃതമായി ഭക്ഷ്യധാന്യങ്ങൾ നൽകുന്നതിനുള്ള ഉത്തരവാദിത്തം നിർവ്വഹണ ഉദ്യോഗസ്ഥയ്ക്കുണ്ട്. ആയതിനാൽ ഈ വിഷയത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതാണ്. ഇക്കാര്യം പരിശോധിച്ച് മേൽനടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്കുകളുടെ പരിശോധന

1. ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സചിത്ര സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം (ജി.ഒ(എം.എസ്)152/11/തസ്വഭവ തീ:26.07.2011) നടപ്പാക്കിയിട്ടില്ല.
2. വസ്തു നികുതി, ട്രേഡേഴ്സിന്റെ തൊഴിൽ നികുതി,ലേലം എന്നിവയുടെ ഡിമാൻഡ്, കുടിശ്ശിക ഡിമാൻഡ് രജിസ്റ്ററുകൾ തയാറാക്കി സൂക്ഷിച്ചിട്ടില്ല.

### 4-2. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, തൈക്കാട്ടുശ്ശേരി | 2014-15<br>2015-16 | 80370<br>100000 | പാലിയേറ്റീവ് കെയർ | 129465 | - |
| ബ്ലോക്ക് പഞ്ചായത്ത്, തൈക്കാട്ടുശ്ശേരി | 2015-16 | 250000 | ശാരീരികവും മാനസികവുമായ വൈകല്യമുള്ള കുട്ടികൾക്കുള്ള | 250000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | സ്കോളർഷിപ്പ് | | |
| ബ്ലോക്ക് പഞ്ചായത്ത്, തൈക്കാട്ടുശ്ശേരി | 2015-16 | 300000 | കാലിത്തീറ്റവിതരണം | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, തൈക്കാട്ടുശ്ശേരി | 2015-16 | 400000 | കാർഷിക കർമ്മസേന | 400000 | 0 |

## 4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർമ്മാണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ | 21500164 | 151970 | 0 | 151970 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ | 21500331 | 66970 | 0 | 66970 |

## 4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻബാക്കിയുള്ള തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |
| ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി | സർക്കാർ ഉത്തരവ് (സാധാ) നം. 747/2010 /ത.സ്വ.ഭ.വ തീയതി.15.03.2010 | 15145500 | 7572750 | 3029100 | 381545 | 4543650 | - |

## 4-6. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 26289 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|---|
| 2009-10 | 3-6 | 3000 | ഡോ.നമിത നായിക്, സീനിയർ വെറ്ററിനറി സർജൻ | 11503100251/07.05.2015 |
| 1999-00 | 32-3 | 19878 | ശ്രീ.പങ്കജാക്ഷൻപിള്ള | 11503100270/11.05.2015 |
| 2008-09 | 2-2A | 100 | മാനേജർ, ഇൻവെസ്റ്റ്മെന്റ് | 11503100310/13.05.2015 |
| 2008-09 | 2-4 | 242 | ശ്രീമതി.സുഭദ്രാംബിക | 11503100348/16.05.2015 |
| 2013-14 | 4-6 | 15 | ശ്രീമതി.രാജി, എൽ.ഡി.ക്ലർക്ക്<br>ശ്രീ.രാജേന്ദ്രൻ, എൽ.ഡി.ക്ലർക്ക്<br>ശ്രീമതി. മഞ്ജു, എൽ.ഡി.ക്ലർക്ക് | 11503100760/08.07.2015 |
| 2010-11, 2011-12 | 3-6 | 233 | ശ്രീമതി.ശശികല,പ്രസിഡന്റ് | 11503100839/17.07.2015 |
| 2010-11, 2011-12 | 3-6 | 14 | ശ്രീ.പി.എം.ഷാജി,സെക്രട്ടറി | 11503100838/17.07.2015 |
| 2014-15 | 2-3 | 7 | ശ്രീമതി.മഞ്ജു, എൽ.ഡി.ക്ലർക്ക് | 11503100980/06.08.2015 |
| 2010-11, 2011-12 | 3-13 | 2000 | ശ്രീമതി.അമിത, എൽ.വി.ഇ.ഒ | 11503101665/15.10.2015 |
| 2009-10 | 3-7 | 800 | ശ്രീ.നന്ദകുമാർ, സെക്രട്ടറി | 11503102100/21.12.2015 |
| ആകെ | | 26289 | | |

## 4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

സ്ഥാപനത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 31 -35 | 2003-04 | | മരാമത്ത് പണികളിലെ അപാകത | 13.05.2015-ലെ കമ്മറ്റിയിൽ തീർപ്പാക്കിയതായി അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് രേഖാമൂലം അറിയിപ്പ് ലഭിച്ചിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| 1999-2000 | 41 | 2003-04 | | ചെലവ് രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച് | ടി |

## 4-9. ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | | 41544064 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 60963831 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 23402 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3018627 |

(ബി**)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 2-1 | 23152 | | പി.എം.ഷാജി, സെക്രട്ടറി |
| 2-5 | 250 | | പി.എം.ഷാജി, സെക്രട്ടറി |
| ആകെ | 23402 | | |

തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 48750 | ഡോ.നമിതാ നായർ, സീനിയർ വെറ്ററിനറി സർജൻ |
| 3-3 | 65000 | സതീശൻ.കെ.വി, അസി.സെക്രട്ടറി |
| 3-4 | 14877 | ഡി.ശിവദാസൻ, കൃഷി ഓഫീസർ |
| 3-6 | 200000 | സതീശൻ.കെ.വി, അസി.സെക്രട്ടറി |

| | | |
|---|---|---|
| 3-7 | 30000 | പി.എം.ഷാജി, സെക്രട്ടറി |
| 3-9 | 300000<br>1355000 | പി.എം.ഷാജി, സെക്രട്ടറി<br>സതീശൻ.കെ.വി, അസി.സെക്രട്ടറി |
| 3-11 | 165000 | സൽമോൻ.എസ്,വി.ഇ.ഒ, തിരുനല്ലൂർ |
| 3-15 | 240000 | പി.എം.ഷാജി, സെക്രട്ടറി |
| 3-17 | 600000 | ജിനേഷ്.കെ.ബി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 3018627 | |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 1161 | പി.എം.ഷാജി, സെക്രട്ടറി |

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന മയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി.എം.ഷാജി, സെക്രട്ടറി | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് | പുന്നക്കൽ, പാതിരപ്പള്ളി.പി.ഒ,ആലപ്പുഴ |
| ശ്രീ.സതീശൻ.കെ.വി, അസി.സെക്രട്ടറി | അസി. സെക്രട്ടറി, ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് | ജിതിൻ കോട്ടേജ്, കലവൂർ പി.ഒ, ആലപ്പുഴ |
| ശ്രീ.ഡി.ശിവദാസൻ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് | മാളവിക, പാണാവള്ളി പി.ഒ |
| ശ്രീ.സൽമോൻ.എസ്,വി.ഇ.ഒ, തിരുനല്ലൂർ | വി.ഇ.ഒ, തിരുനല്ലൂർ സർക്കിൾ | മാപ്പിളശ്ശേരിൽ, തണ്ണീർമുക്കം.പി.ഒ, ചേർത്തല |

| | | |
|---|---|---|
| | | |
| ശ്രീ.ജിനേഷ്.കെ.ബി, അസിസ്റ്റന്റ് എഞ്ചിനീയർ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം, ആലപ്പുഴ | കോട്ടപ്പള്ളി വീട്,പറേകാട്, ചേർത്തല |

**4-10** <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1997-98 മുതൽ<br>2005-06 വരെ | എൽ.എഫ്.ജി.എ5-1832/11 തീയതി.20.01.2012 |
| 2006-07 | എൽ.എഫ്.എ16-943/10 തീയതി.18.03.2011/31.03.2011 |
| 2007-08 | എൽ.എഫ്.എ 16-944/10 തീയതി.19.03.2011/31.03.2011 |
| 2008-09 | എൽ.എഫ്.എ പി9-1340/11തീയതി.18.04.201/03.07.2012 |
| 2009-10 | എൽ.എഫ്.എ പി9-1340/11തീയതി.18.04.201/03.07.2012 |
| 2010-11,2011-12 | എൽ.എഫ്.എ പി9-20/13 തീയതി. 18.02.2013/26.06.2013 |
| 2012-13 | എൽ.എഫ്.എ പി9-1401/13 തീയതി.01.09.2014 |
| 2013-14 | കെ.എസ്.എ-എ.എൽ.പി പി9-1570/15 തീയതി. |
| 2014-15 | കെ.എസ്.എ-എ.എൽ.പി/പി9-817/2016 തീയതി. 27.07.2016 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

കെ.എസ്.എ-എ.എൽ.പി/പി9-1306/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ.
0477-2252753,
ddhglfalpy@gmail.com

തീയതി: 08.12.2016

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4 ,കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215-ം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 4-1ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ

KSA-ALP/P9-1306/16

Kerala State Audit Department,

District Audit Office, Alappuzha,
0477-2252753,
ddhglfalpy@gmail.com

Date: 08.12.2016

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Chennam Pallippuram Grama panchayat in Alappuzha district for the year ended on 31.3.2016 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Chennam Pallippuram Grama panchayat for the year 2015-16 except the observations in Para 4-1 of my audit report properly presents the picture of income and expenditure.

Deputy Director,
Kerala State Audit Department,
Alappuzha